പിറവത്ത് ഒരു മജിസ്ട്രേറ്റ് കോടതി

755 [889] ശ്രീ. ബെന്നി ബഹനാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവത്ത് ഒരു മജിസ്ട്രേറ്റ് കോടതി ആരംഭിക്കണം എന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് പുതിയതായി തുടങ്ങേണ്ട കോടതികളെ സംബന്ധിച്ച് ശുപാർശ ചെയ്യാൻ ജഡ്ജിമാരുടെ ഒരു കമ്മിറ്റി ഹൈക്കോടതി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പിറവത്ത് മജിസ്ട്രേറ്റു കോടതി സ്ഥാപിക്കാൻ ഹൈക്കോടതി ശുപാർശ ചെയ്തിട്ടില്ല.

തലശ്ശേരി പോലീസ് സർക്കിൾ അതിർത്തിയിൽ നടന്ന തീവെപ്പ്

756 [890] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986 ഏപ്രിൽ, മേയ് മാസങ്ങളിലായി തലശ്ശേരി പോലീസ് സർക്കിൾ അതിർത്തിയിൽ എത്ര തീവെപ്പ് സംഭവങ്ങൾ നടന്നിട്ടുണ്ട്;

(ബി) ഇതു സംബന്ധിച്ച് ചാർജ് ചെയ്ത കേസുകൾ എത്ര;

(സി) എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(ഡി) ഏതെല്ലാം രാഷ്ട്രീയ പാർട്ടികളിൽപ്പെട്ടവരാണ് അറസ്റ്റ് ചെയ്യപ്പെട്ടത്?

ഉത്തരം

(എ) എട്ട്

(ബി) എട്ട്

(സി) ആറ്

(ഡി) അറസ്റ്റ് ചെയ്യപ്പെട്ടവർ ആർ. എസ്. എസ്. പ്രവർത്തകരാണ്.

തൃശ്ശൂർ മെഡിക്കൽ കോളേജിന് പുതിയ കെട്ടിടം

757 [897] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിന് മുളങ്കുന്നത്തുകാവിൽ പണിയുന്ന പുതിയ കെട്ടിടത്തിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറായോ;

(ബി) എങ്കിൽ അതിന്റെ വിശദവിവരങ്ങൾ പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly